**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 289** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഈ വർഷം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും എത്ര തുക പിഴയായി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഈ വർഷം **01/01/2023** മുതൽ **30/06/2023** വരെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ **27768** പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി **4597** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **9807** സർവ്വയിലൻസ് സാമ്പിളുകളും ശേഖരിയ്ക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ **362** എണ്ണം **Unsafe** ആയും **97** എണ്ണം **Substandard** ആയും **236** എണ്ണം **Misbranded** ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ടി കാലയളവിൽ **3588** നോട്ടീസുകളും **2870** കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി. പിഴയിനത്തിൽ ടി കാലയളവിൽ **1,56,84,842 രൂപ (ഒരു കോടി അൻപത്തി ആറ് ലക്ഷത്തി എൺപത്തി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം)** ഈടാക്കുകയും ചെയ്തു. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഉൾപ്പെടെ വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഉൾപ്പെടെ സംസ്ഥാനത്തെ വിപണികളിലെത്തിച്ച് വിൽപ്പന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഓപ്പറേഷൻ മത്സ്യ'. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യ പരിശോധനകൾ നടത്തി വരുന്നു.<br>പരിശോധനകളുടെ ഭാഗമായി ശേഖരിയ്ക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | പരിശോധനയെ തുടർന്ന് കേടായ മത്സ്യങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ